(Pages : 4) J – 2739

Reg. No. : ...............................

Name : ...................................

Second Semester B.Com. Degree Examination, May 2020

First Degree Programme under CBCSS

Language Course VI

Additional Language II — Malayalam

ML 1211.2 — കവിത, കഥ, ഉപന്യാസം, വിവർത്തനം

(2018 admission onwards)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ രണ്ടു വാക്യത്തിലോ ഉത്തരമെഴുതുക.

1. ശക്തിയുടെ കവി എന്നു വിശേഷിപ്പിക്കുന്നതാരെ?

2. ചങ്ങമ്പുഴ എഴുതിയ നോവൽ.

3. 'സൈക്കോ' എന്ന ചിത്രത്തിന്റെ സംവിധായകൻ.

4. ഇടശ്ശേരി എഴുതിയ നാടകം.

5. പദാനുപദവിവർത്തനം എന്നാലെന്ത്?

6. 'ചെറുകഥ ഇന്നലെ ഇന്ന്' എന്ന ഗ്രന്ഥത്തിന്റെ കർത്താവ്.

7. 'ഭാർഗ്ഗവീനിലയം' എന്ന സിനിമയ്ക്കാധാരമായ ബഷീർകൃതി.

8. 'പെരുമഴയുടെ പിറ്റേന്ന്' എന്ന കഥയിലെ കേന്ദ്രകഥാപാത്രം.

P.T.O.

9. വൈലോപ്പിള്ളിയെക്കുറിച്ച് ബാലചന്ദ്രൻ ചുള്ളിക്കാടെഴുതിയ കവിത.

10. 'മൊണ്ടാഷ്' സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ്.

**(10 × 1 = 10 Marks)**

II. **ഒരു** ഖണ്ഡികയിൽ കവിയാതെ **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. 'ചിരിക്കാൻ കഴിയുമായിരുന്ന ചെറുപ്പകാലത്തെ ഏതോ ഒരു ചിത്രത്തിലെ തന്റെ മുഖം ഓർമ്മവന്നു' - ആർക്ക്? സന്ദർഭമേത്?

12. ഇ-വായന എന്നാലെന്ത്?

13. 'മിഥ്യാവലയിത സത്യോപമരുചി

    തത്തിലസിച്ചൂ മമമുന്നിൽ' - സൂചിതമെന്ത്?

14. ജമീലാബീവി ബി.എ. പാസ്സായി നടക്കുന്ന കാലത്തെ, കഥാകൃത്ത് അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ?

15. 'തുറക്കാനാകാത്ത കമ്പ്യൂട്ടറുകളാണ് പ്രബുദ്ധ ഇന്ത്യൻ യുവത്വത്തിന്റെ ഏറ്റവും പുതിയ പേടിസ്വപ്നം' - വിവക്ഷിതമെന്ത്?

16. മനുഷ്യനാരായങ്ങൾ ജയിൽ നിർമ്മിക്കുന്നെന്നു പറയുന്നതിന്റെ സാംഗത്യമെന്ത്?

17. സിനിമയിൽ ശബ്ദത്തിന്റെ പ്രാധാന്യമെന്ത്?

18. ക്രോസ് കട്ടിങ് എന്നാലെന്ത്?

19. 'മനുഷ്യൻ അധഃപതിച്ച മാലാഖയല്ല, പരിണമിച്ച വാനരൻ തന്നെയാണ്' - കാരണമെന്ത്?

20. മതം വാദിക്കാനും ജയിക്കാനുമുള്ളതല്ലെന്ന് ഗുരു പറയാൻ കാരണമെന്ത്?

21. മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക.

    It is important to dream, but it is equally important to take calculated risks to achieve your dream.

22. 'ഇതിലും വലിയതാണെന്റെ പൊന്നോമന

അതിനെത്തരികെന്റെ പൂതമേ നീ' - ആരുടെ വാക്കുകൾ? സന്ദർഭമെന്ത്?

**(8 × 2 = 16 Marks)**

III. **നൂറ്റിയിരുപതു** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. ദാമ്പത്യത്തിലെ വിട്ടുവീഴ്ചാമനോഭാവത്തിന്റെ സൂചകമായി പൂവമ്പഴം മാറുന്നതെങ്ങനെ?

24. നാലാംയാമം എന്ന കഥയുടെ രാഷ്ട്രീയമാനം ചർച്ച ചെയ്യുക.

25. 'പൊതിച്ചോറ്' പ്രതിഫലിപ്പിക്കുന്ന ജീവിതസാഹചര്യമെന്ത്?

26. ഇംഗ്ലീഷിലേയ്ക്ക് വിവർത്തനം ചെയ്യുക.

വർഷകാലത്ത് ഭാരതപ്പുഴ കുത്തിയൊഴുകുന്നതുകണ്ടാൽ പേടി തോന്നും. ഇന്നത്തെ അവസ്ഥയോ? ഒരു വേനലിലും ഇങ്ങനെ വറ്റിക്കണ്ടിട്ടില്ല. കലാമണ്ഡലത്തിന്റെ ഒരു ഭാഗമായിരുന്നു അന്ന് ഭാരതപ്പുഴ. പഴയ കലാമണ്ഡലത്തിൽ പഠിച്ചിറങ്ങിയവരുടെ ചെറിയ സ്മരണകളിൽപോലും ഭാരതപ്പുഴയുണ്ടാകും. അത്രയ്ക്ക് ഹൃദയബന്ധം ആ പുഴയോടുണ്ട്. ഇപ്പോൾ കൊച്ചിപ്പാലത്തിലൂടെ പോകുമ്പോൾ കാണുന്ന ഭാരതപ്പുഴയുടെ അവസ്ഥ എന്താണ്? രമണീയമായ ആ കാലത്തെക്കുറിച്ച് ഓർമ്മിക്കുക മാത്രമേ വഴിയുള്ളൂ.

27. സിനിമയും സാഹിത്യവും ബന്ധപ്പെട്ടിരിക്കുന്നതെങ്ങനെ?

28. കേരളീയ സമൂഹത്തിന്റെ ശരിയായ സ്വഭാവം കെ.പി. അപ്പൻ നിരീക്ഷിക്കുന്നതെങ്ങനെ?

29. സോഷ്യൽ നെറ്റ്‌വർക്കിംഗ് സൈറ്റുകളുടെ പ്രത്യേകതയെന്ത്?

30. മനസ്വിനിയിലെ പ്രഭാതവർണ്ണനയുടെ സൗന്ദര്യം വെളിവാക്കുക.

31. പൂതപ്പാട്ടിന്റെ രചനാശില്പം പരിചയപ്പെടുത്തുക.

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32. കാല്പനികകവിതയുടെ സ്വഭാവസവിശേഷതകൾ മനസ്വിനിയെ അടിസ്ഥാനമാക്കി സമർത്ഥിക്കുക.

33. കേരളീയനവോത്ഥാനത്തിന്റെ ലേബലിൽ മലയാളി സമർത്ഥമായൊളിപ്പിക്കുന്ന ജാതീയ പന്തിഭോജനത്തിൽ മറനീക്കുന്നു - വിശകലനം ചെയ്യുക.

34. പൊതിച്ചോറ് എന്ന കഥ കാരൂരിന്റെ മാനവികതയുടെ നിദർശനമാണ് - ചർച്ച ചെയ്യുക.

35. 'ശ്രീനാരായണഗുരു ഇന്ദ്രജാലക്കാരനായ ഒരു യോഗിയായിരുന്നു' - ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

**(2 × 15 = 30 Marks)**